**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2012** **04-02-2026 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്കുള്ള സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് എത്രകോടി രൂപയുടെ അധിക സഹായം പ്രഖ്യാപിച്ചിട്ടുണ്ട്; കോഴി വളർത്തൽ മേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് എന്തൊക്കെ പരിഹാരങ്ങളാണ് സ്വീകരിച്ചുവരുന്നതെന്നും അറിയിക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടേയും 2022-23 വർഷം 106.81 കോടി രൂപയുടേയും 2023-24 സാമ്പത്തിക വർഷം 9418.74 പ്രവർത്തനങ്ങൾ രൂപയുടേയും വികസന ആണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്. 2024-25 വർഷം 5592.12 ലക്ഷം രൂപ ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു.<br><br>2025-26 വർഷം ക്ഷീരവികസന വകുപ്പിന് 110.93 കോടി രൂപയുടെ ബജറ്റ് വിഹിതം പ്രഖ്യാപിച്ചിട്ടുണ്ട്. 2026-27 വർഷം ക്ഷീരവികസന വകുപ്പിന് 118.05 കോടി രൂപയുടെ ബജറ്റ് വിഹിതം പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>2024-2025 സാമ്പത്തിക വർഷത്തിൽ മിൽമ ക്ഷീര കർഷകർക്കായി അധിക വിലയും കാലിത്തീറ്റ സബ്സിഡിയും മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കുമായി 254.79 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>കോഴി വളർത്തൽ മേഖലയിൽ പ്രധാനമായും താഴെ കാണുന്ന പ്രതിസന്ധികളാണ് മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ കാണുന്നത്.<br><br>**1.ഗുണനിലവാരമുള്ള കോഴികുഞ്ഞുങ്ങളുടെ ലഭ്യത :-**<br><br>സർക്കാരിന്റെ ഫാമുകളിൽ നിന്നും ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനു നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**2.നാടൻ മുട്ടകളുടെ വിപണനം സംബന്ധിച്ച്:-**<br><br>Kerala Livestock Development Board (KLDB) ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് Farmer Producer Organisation (FPO) വഴി മുട്ട സംഭരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **3. വാണിജ്യ അടിസ്ഥാനത്തിൽ പുതിയ ഫാമുകൾ തുടങ്ങുന്നതിനുള്ള സഹായധനം**<br><br>Animal Husbandry Infrastructure Fund എന്ന Development പദ്ധതി പ്രകാരവും, NLM-EVP എന്ന പദ്ധതി പ്രകാരവും, വാണിജ്യ അടിസ്ഥാനത്തിൽ പുതിയ പൗൾട്രി ഫാം തുടങ്ങുന്നതിനുള്ള സാഹചര്യം നിലവിൽ ഉണ്ട് |

സെക്ഷൻ ഓഫീസർ